LIBRARY ARCHIVES Kerala Legislative Assembly

രജിസ്റ്റർ ചെയ്തു. വെള്ളത്തൂവൽ എസ്.ഐ. പരാതിക്കാരനെ 11-3-2015-ന് രാവിലെ 7 മണിയോടുകൂടി ഫോണിൽ ബന്ധപ്പെട്ട് പരാതി സംബന്ധിച്ച് അന്വേഷണം നടത്തുകയും ശ്രീമതി പുഷ്പലത ഇന്ന് പുലർച്ചെ 5.10-ന് മരണപ്പെടുകയും ചെയ്തതായി പരാതിക്കാരൻ അറിയിച്ചു ; കൂടാതെ ആശുപത്രിയിൽനിന്ന് മൃതദേഹവുമായി ഇയാൾ കണ്ണൂരിലേയ്ക്കുള്ള യാത്രയിലാണെന്നും അറിയിച്ചു. പോലീസ് ഈ കേസ് ഗൗരവതരമായി അന്വേഷിക്കുന്നതാണ്. ഇന്ന് രാവിലെയാണ് മരണവാർത്ത അറിഞ്ഞത്, ഇതുമായി ബന്ധപ്പെട്ടകാര്യങ്ങൾ അന്വേഷിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച എല്ലാ നിയമ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. വളരെ ഗൗരവതരമായിതന്നെ ഈ സംഭവത്തെ കണക്കിലെടുത്തുകൊണ്ട് യുക്തമായ നിയമ നടപടികൾ ഈ കാര്യത്തിൽ സ്വീകരിക്കും.

6. നൂറനാട്-പാറ്റൂർ കുടിവെള്ള പദ്ധതി

11.43 AM]

ശ്രീ. ആർ. രാജേഷ് : സർ, മാവേലിക്കര മണ്ഡലത്തിലെ നൂറനാട്- പാറ്റൂർ കുടിവെള്ള പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. രൂക്ഷമായ കുടിവെള്ളപ്രശ്നമുള്ള ഒരു മണ്ഡലമാണ് മാവേലിക്കര. ജനുവരി മുതൽ മേയ് മാസംവരെയുള്ള അഞ്ചുമാസക്കാലം മണ്ഡലത്തിലെ എട്ട് തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും ടാങ്കറിലാണ് വെള്ളം വിതരണം ചെയ്യുന്നത്. രൂക്ഷമായ കുടിവെള്ള പ്രതിസന്ധിയാണ് മണ്ഡലം നേരിടുന്നത്. മൂന്ന് പഞ്ചായത്തുകളിലെ കുടിവെള്ളപ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുന്ന ഒരു വലിയ പദ്ധതിയാണ് പാറ്റൂർ പദ്ധതി. 16 വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച ഈ പദ്ധതി ഉദ്യോഗസ്ഥരുടെ കടുത്ത അലംഭാവം കാരണം കമ്മിഷൻ ചെയ്യൽ വൈകുകയാണ്. മന്ത്രിതലത്തിൽ ഒട്ടേറെ യോഗങ്ങൾ അങ്ങ് തന്നെ വിളിച്ചുചേർത്തിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി അവലോകന യോഗങ്ങൾ ചേരുകയും ആവശ്യമായ ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കോട്ടയം പ്രോജക്ട് ഡിവിഷനാണ് ഈ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയത്. ഇപ്പോൾ അത് ആലപ്പുഴയ്ക്ക് handover ചെയ്തു. അങ്ങ് കൂടി പങ്കെടുത്തുകൊണ്ട് ചേർന്ന അവലോകന യോഗത്തിനുശേഷം ആലപ്പുഴ പ്രോജക്ട് ഡിവിഷൻ വീണ്ടും കോട്ടയത്തിന് ട്രാൻസ്ഫർ ചെയ്യണമെന്നൊരാവശ്യം ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. ഉദ്യോഗസ്ഥർ ഈ പദ്ധതിക്കാവശ്യമായ

നടപടികൾ സ്വീകരിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ജനങ്ങളുടെ വലിയ പ്രതിഷേധം ഇക്കാര്യത്തിലുണ്ട്. അതുകൊണ്ട് അടിയന്തരമായി പാറ്റൂർ പദ്ധതി ഈ മേയ് മാസത്തോടുകൂടി തന്നെ കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ സത്വരനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

11.44 AM]

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, നൂറനാട്, ചുനക്കര, സമീപ പഞ്ചായത്തുകളിലേയ്ക്കുള്ള ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ സ്രോതസ്സും കിണറും പമ്പുഹൗസും നിലവിലുള്ളതുതന്നെയാണ്. ഘട്ടം ഒന്നിന്റെയും ഘട്ടം രണ്ടിന്റെയും പൊതുഘടകമായ റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിച്ചുകഴിഞ്ഞു. 170 കുതിരശക്തിയുള്ള രണ്ട് റോ വാട്ടർ പമ്പ് സെറ്റ് വിതരണം ചെയ്തുകഴിഞ്ഞു. ജലശുദ്ധീകരണശാലയുടെ നിർമ്മാണവും ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും പൂർത്തീകരിച്ചു. 4.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല സംഭരണി പൂർത്തീകരിച്ചു. ഭൂതല സംഭരണിയിൽനിന്നും ചുനക്കരയിലേയ്ക്കുള്ള 250 എം.എം. ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിനും പൂർത്തീകരിച്ചിട്ടുണ്ട്. 170 എച്ച്.പി. ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി ദർഘാസ് ക്ഷണിച്ചിട്ടുണ്ട് ; അതിനുവേണ്ടി 21,20,000 രൂപ ആവശ്യമായി വരും. നിലവിലുള്ള റോ വാട്ടർ പമ്പ് ഹൗസിന് കാലപ്പഴക്കത്താൽ ബലക്ഷയം സംഭവിക്കുകയും ഭൂ സ്ലാബ് ചോർന്നൊലിക്കുകയും കോൺക്രീറ്റ് പൊട്ടി ഇളകിവീഴുന്ന നിലയിലുമാണ്. ആയതിനാൽ 170 എച്ച്.പി. റോ വാട്ടർ പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന് പമ്പ് ഹൗസ് പുനർനിർമ്മിക്കേണ്ടതായിട്ടുണ്ട്. അതിനാവശ്യമായ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടറിന്റെ അവസാന തീയതി 16-03-2015 ആണ്. ശുദ്ധീകരണശാലയുടെ പൂർണ്ണ തോതിലുള്ള പ്രവർത്തനത്തിനായി ഒരു സബ്സ്റ്റേഷൻ നിർമ്മിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ചുറ്റുമതിൽ ഉൾപ്പെടെ 57,00,000 രൂപയും പമ്പ് സെറ്റിന് 21.2 ലക്ഷം രൂപയും ചേർത്ത് 78,00,000 രൂപയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. ഈ പദ്ധതിക്ക് ഘട്ടം I-ൽ 720 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിൽ ഇതുവരെയുള്ള ചെലവ് 720 ലക്ഷം രൂപയാണ്. ഈ പദ്ധതിയുടെ ഘട്ടം രണ്ടിന് 425 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. അതിൽ 415 ലക്ഷം രൂപ ചെലവായി. ഇത് അടിയന്തരമായി പൂർത്തിയാക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly